LIBRARY ARCHIVES Kerala Legislative Assembly

**വിഷാംശം കലർന്ന സാധനങ്ങളുടെ വിപണനം**

**108 (122)** ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത സാധനങ്ങളിൽ വിഷാംശം കലർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഭക്ഷ്യ സാധനങ്ങളിൽ ആണ് വിഷാംശം കണ്ടെത്തിയിട്ടുള്ളത് ; ഏത് തരത്തിലുള്ള വിഷാംശമാണെന്ന് വിശദമാക്കുമോ ;

(സി) വിഷാംശം കണ്ടെത്തിയ ഭക്ഷ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) വിഷാംശം കലർന്നുവെന്ന് കണ്ടെത്തിയ ഭക്ഷ്യ സാധനങ്ങൾ പിന്നീട് എന്തു ചെയ്തുവെന്ന് വിശദമാക്കുമോ ;

(ഇ) വിഷാംശം കലർന്ന സാധനങ്ങൾ സ്വകാര്യ കച്ചവടക്കാർക്ക് വിറ്റിട്ടുണ്ടോ ; എങ്കിൽ ഇത് എന്ത് ആവശ്യത്തിനാണ് അവർ ഉപയോഗിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടർ സർക്കാരിന് നല്കിയ റിപ്പോർട്ടിൽ ഒരുതരത്തിലുമുള്ള വിഷാംശം കലർന്നതായി രേഖപ്പെടുത്തിയിട്ടില്ല.

(ബി-ഇ) ബാധകമല്ല.

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്**

**109 (123)** ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന വർഷമായ 2006-ലെയും 2011-ലെയും നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില നിലവാരം കണക്കാക്കി 2006 വർഷത്തിനേക്കാൾ എത്ര ശതമാനം വർദ്ധനവ് 2011-ൽ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി വില വർദ്ധനവിനെതിരെ ഈ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;